# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 52 28.01.2019 ലെ മറുപടിക്ക്

## വോട്ടിംഗ് യന്ത്രത്തിലെ കൃത്രിമം

| | ചോദ്യം<br>ശ്രീ. കെ.എം.ഷാജി | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്തെ തിരഞ്ഞെടുപ്പുകളിൽ പേപ്പർ ബാലറ്റ് വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചതായ വിവരം ഗവൺമെന്റിനുണ്ടോ ; എങ്കിൽ ലഭ്യമാക്കാമോ ? | സംസ്ഥാന തെരഞ്ഞെടുപ്പുകളിൽ പേപ്പർ ബാലറ്റ് വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചതായ വിവരം സർക്കാരിൽ ലഭ്യമല്ല. |
| (ബി) | രാജ്യത്ത് നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് മെഷീനിൽ കൃത്രിമം നടത്തുന്നു എന്ന ആക്ഷേപം കണക്കിലെടുത്ത് നിലവിലെ രീതിക്ക് മാറ്റം വേണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ; അറിയിക്കാമോ ? | കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ കർശനമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്ന രാജ്യത്തെ തിരഞ്ഞെടുപ്പുകളിൽ ഉപയോഗിക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടന്നതായി പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്രിമം തെളിയിക്കപ്പെട്ടാൽ നിലവിലെ രീതിയിൽ മാറ്റം വരുത്താൻ ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ